അഹോ ഭുവ: സപ്ത സമുദ്രവത്യാ ദ്വീപേഷു വർഷേഷ്വധിപുണ്യമേതത്
ഗായന്തി യത്രത്യജനാ മുരാരേ: കർമ്മാണി ഭദ്രാണ്യവതാരവന്തി **(5–6–13)**
നിത്യാനുഭൂതനിജലാഭനിവൃത്തതൃഷ്ണ: ശ്രേയസ്യതദ്രചനയാ ചിരസുപ്തബുദ്ധേ:
ലോകസ്യ യ: കരുണയാ/ഭയമാത്മലോകമഖ്യാന്നമോ ഭഗവതേ ഋഷഭായ തസ്മൈ **(5–6–19)**

പരീക്ഷിത്ത് രാജാവ് ചോദിച്ചു: "ഋഷഭദേവൻ ആത്മസാക്ഷാത്കാരം നേടി കർമ്മഫലങ്ങളെയെല്ലാം എരിച്ചു ഭസ്മമാക്കിയിരുന്ന ആളായിരുന്നല്ലോ. എന്നിട്ടും അദ്ദേഹം എന്തുകൊണ്ടാണ് ലൗകീകത തീരെ ഉപേക്ഷിച്ചു ഒരു ഭ്രാന്തനെപ്പോലെ അലഞ്ഞുനടന്നത്? "

ശുകദേവൻ പറഞ്ഞു: "ഋഷഭദേവൻ എല്ലാ കർമ്മപാശങ്ങളിൽനിന്നും വിമുക്തനായിരുന്നു എന്നത് ശരിതന്നെ. എങ്കിലും ജ്ഞാനികൾ ഒരു നിമിഷം പോലും ശ്രദ്ധയറ്റവരായി ജീവിച്ച് സ്വയം അധ:പതനത്തിലേക്ക് നീങ്ങാനിടകൊടുക്കുകയില്ല. ഒരുവൻ തന്റെ മനസ്സിനെ പൂർണ്ണമായും വിശ്വസിച്ചുകൂടാ എന്നാണ് അറിവുള്ളവർ പറയുന്നത്, കാരണം വഴിതെറ്റിപ്പോവാനുള്ളൊരവസരം നോക്കിയിരിക്കുകയാണ് മനസ്സ്. ഭർത്താവിനോട് വിശ്വസ്ഥത പുലർത്താത്ത ഭാര്യ, തന്റെ ജാരനെ സ്വീകരിക്കാനും വേണ്ടിവന്നാൽ ഭർത്താവിനെ കൊല്ലാനും മടി കാണിക്കാത്തതുപോലെ മനസ്സ് ദുഷ്ടതയും ചഞ്ചലതയും കാരണം ജാഗരൂഗതയില്ലാത്തവന്റെയുള്ളിൽ കാമക്രോധാദികളെ കടത്തിവിട്ട് ആത്മീയപുരോഗതിക്കു തടസ്സമുണ്ടാക്കുന്നു."

ഋഷഭദേവന്റെ മഹിമകൾ വർണ്ണനാതീതമത്രെ. എങ്കിലും ജനം ആ മഹിമയെ തിരിച്ചറിയായ്കമൂലം ഭ്രാന്തു പിടിച്ചലഞ്ഞുനടക്കുന്ന ഒരുവനായി അദ്ദേഹത്തെ കണ്ടു. യോഗമാർഗ്ഗത്തിന്റേയും ആത്മീയ പുരോഗതിയുടേയും ഉത്തമോദാഹരണമായി ജീവിച്ച അദ്ദേഹം ഒടുവിൽ ഈ ശരീരം ഉപേക്ഷിക്കുന്നതെങ്ങിനെയെന്നും നമുക്കു കാണിച്ചുതരുന്നു. അദ്ദേഹം തന്റെ സൂക്ഷ്മശരീരത്തിൽ നിന്നും പൂർണ്ണമായി സ്വയം വിട്ടുനിന്നു. എന്നാൽ ഭൗതീകശരീരം പഴയ കർമ്മഫലങ്ങളുടെ സംവേഗശക്തിയാൽ അലഞ്ഞു നടന്നു. ഭഗവൽമായയുടെ പ്രഭാവത്താൽ ആ ശരീരം നിലനിൽക്കുകയും ചെയ്തു. അദ്ദേഹം കൊങ്കണം, വെങ്കണം, കുടക്, ദക്ഷിണകർണ്ണാടക എന്നിവിടങ്ങളിൽ ഒരവധൂതനായി അലഞ്ഞുനടന്നു. ഒരിക്കൽ കുടകുമലകളിൽ കഴിയവേ കാട്ടുമുള കൂട്ടിയുരസിയുണ്ടായ തീയിൽപ്പെട്ട് ആ ശരീരം നശിച്ചു.

ഋഷഭന്റെ പെരുമാറ്റം മറ്റുള്ളവർക്ക് അനുകരിക്കുവാനുള്ളതല്ല. എങ്കിലും ചിലർ അദ്ദേഹത്തിന്റെ ബാഹ്യാവസ്ഥകളെ അനുകരിക്കുന്നു. നഗ്നരായി, തികച്ചും വൃത്തിഹീനരായി, വേദങ്ങളെ അധിക്ഷേ പിച്ചുകൊണ്ട്, മാമുനിമാരേയും ഭഗവാൻ വിഷ്ണുവിനെത്തന്നെയും ധിക്കരിച്ചുകൊണ്ട്, അതീന്ദ്രിയാവ സ്ഥയിലാണെന്ന് നടിച്ചു ജീവിക്കുന്നു. ഇത് അജ്ഞാനത്തിന്റേയും വിഡ്ഢിത്തത്തിന്റേയും പരമകാഷ്ഠയത്രേ.

ഋഷഭദേവന്റെ ജനനംകൊണ്ട് ധന്യമായ പുണ്യഭൂമിയെ ജനങ്ങൾ ഇങ്ങിനെ വാഴ്ത്തുന്നു. "ഭഗവാൻ വിഷ്ണുവിന്റെ അപദാനങ്ങൾ കീർത്തിക്കപ്പെടുന്ന നാടെന്ന നിലയിൽ ഭാരതം തികച്ചും പുണ്യഭൂമി തന്നെയാണ്. ഋഷഭദേവന് നമോവാകം. ആത്മസാക്ഷാൽക്കാരത്തിൽ മുഴുകിനിന്ന് ആത്മജ്ഞാന മാർഗ്ഗത്തേയും മോക്ഷമാർഗ്ഗത്തേയും മറ്റുള്ളവർക്ക് മനസ്സിലാകുംവിധം ജീവിച്ച്, ശരീരാസക്തിയുടെ ഭ്രമത്തിൽപ്പെട്ടവർക്ക് ജ്ഞാനം നൽകിയ ഋഷഭന് നമസ്കാരം."

ഋഷഭദേവന്റെ കഥ കേൾക്കുന്നവർക്കും പറയുന്നവർക്കും ഭഗവൽഭക്തിയുണ്ടാവുന്നതാണ്.